**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5066** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഒരേ ഓഫീസിൽ തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ ജോലിയിൽ തുടരുന്ന സർക്കാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തുടർച്ചയായി 3 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ തുടരുന്ന സർക്കാർ ജീവനക്കാരെ സ്ഥലം മാറ്റണമെന്ന വ്യവസ്ഥ ഉണ്ടെങ്കിലും റവന്യൂ വകുപ്പിൽ 5 വർഷം കഴിഞ്ഞിട്ടും ഒരേ ഓഫീസിൽ തുടരുന്ന ജീവനക്കാരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 26.08.2020 ലെ സ.ഉ.(സാധാ) നം.2723/2020/റവ യിലെ ഖണ്ഡിക (10) പ്രകാരം 5 വർഷം പൂർത്തിയായാൽ നിർബന്ധമായും ഓഫീസ് മാറ്റം നൽകേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ജീവനക്കാരുടെ വിവരം ഓൺലൈൻ പൊതു സ്ഥലംമാറ്റ പോർട്ടലായ എച്ച്.ആർ.എം.എസ്-ൽ അപ്ഡേറ്റ് ചെയ്യുന്നതിന് റവന്യൂ വകുപ്പിനുള്ളിൽ വരുന്ന എല്ലാ കാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിവരശേഖരണം പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് സ.ഉ.(സാധാ) നം.2723/2020/റവ ഖണ്ഡിക (10) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഏതെല്ലാം ഓഫീസിൽ എത്ര ജീവനക്കാർ തുടർച്ചയായി 5 വർഷത്തിൽ കൂടുതൽ ജോലി ചെയ്യുന്നുവെന്ന വിവരം നൽകാമോ; | (ബി) | എച്ച്.ആർ.എം.എസ്-ൽ അപ്ഡേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ടി ജീവനക്കാരുടെ വിവരം ലഭ്യമാക്കുന്നതാണ്. |
| (സി) | ഇവരെ സ്ഥലം മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) | റവന്യൂ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവരെ സ്ഥലംമാറ്റി നിയമിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ